**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണിക്കായുള്ള കേന്ദ്ര ധനസഹായം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2677 — 09-05-2017-ൽ മറുപടിക്ക്

ചോദ്യം — മറുപടി

| **ശ്രീ. എം.ഉമ്മർ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി കേന്ദ്രത്തിന്റെ പ്രത്യേക ധന സഹായം നേടിയെടുക്കുന്നതിൽ വീഴ്ച സംഭവിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് കേന്ദ്രത്തിൽ നിന്നും ലഭ്യമായ ധനസഹായത്തിന്റെ കണക്ക് വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 175.96 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഫണ്ട് നേടിയെടുക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (സി) | കേന്ദ്ര സർക്കാരിന്റെ പി.എം.ജി.എസ്.വൈ പദ്ധതിക്കുള്ള പ്രത്യേക അധിക ഫണ്ട് (Financial Incentive) അനുവദിച്ചത് 31/12/2016-ലെ പുരോഗതി വിലയിരുത്തിയാണ്. തിരഞ്ഞെടുപ്പ് പെരുമാറ്റചട്ടം, നോട്ട് അസാധുവാക്കൽ, ജലദൗർലഭ്യം തുടങ്ങിയ കാരണങ്ങളാൽ പ്രതീക്ഷിച്ച നിർവ്വഹണ പുരോഗതി ഇക്കാര്യത്തിൽ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ